# ഓത്തുപള്ളിയിൽനിന്ന് മദ്റസയിലേക്ക്

**ഓത്തുപള്ളികളിലൂടെയായിരുന്നു** ആദ്യകാലത്ത് പ്രാഥമിക മതപഠനം നടന്നിരുന്നത്. അടിസ്ഥാന വിശ്വാസകാര്യങ്ങളും കർമാനുഷ്ഠാന മുറകളും ഓത്തുപള്ളികളിൽനിന്നായിരുന്നു ബാലികാ ബാലന്മാർ പഠിച്ചിരുന്നത്. ഓത്തുപള്ളികൾ വളരെ മുമ്പു മുതലേ കേരളത്തിലുണ്ടായിരുന്നു. ഇബ്നു ബത്തൂത്വയുടെ സഞ്ചാരകഥകളിൽ ഇവയെ കുറിച്ച് പരാമർശമുണ്ട്. ബെഞ്ചോ ഡെസ്കോ മേശയോ ബ്ലാക്ക് ബോർഡോ പീരിയഡോ പുസ്തകങ്ങളോ ഇല്ലാത്ത പരിമിതാർഥത്തിലുള്ള ഏകാധ്യാപക മതവിദ്യാലയങ്ങളായിരുന്നു ഓത്തുപള്ളികൾ. ചേടിമണ്ണ് തേച്ച പലകയിൽ ചെത്തിക്കൂർപ്പിച്ചുണ്ടാക്കിയ മുളന്തണ്ട് മഷിയിൽ മുക്കിയായിരുന്നു എഴുതിയിരുന്നത്. 'അലിഫിനു പുള്ളിയില്ല, ബാക്കൊരു പുള്ളി താഴെ...' എന്നിങ്ങനെ അക്ഷരങ്ങൾ ചൊല്ലിയും എഴുതിയും മനഃപാഠമാക്കലായിരുന്നു ആദ്യപടി. പിന്നീട് അക്ഷരങ്ങൾ കൂട്ടിവായിക്കാൻ തുടങ്ങുന്നു. 'വായിച്ചു കൂട്ടിയോത്ത്' എന്നായിരുന്നു ഇതിന്റെ പേര്. 'അലിഫിന് അ, ബാക്ക് ബു- അബു'... എന്നിങ്ങനെയായിരുന്നു അതിന്റെ രീതി. തുടക്കത്തിൽ വായിച്ചുകൂട്ടി ഓതിയാണ് ഖുർആൻ പാരായണവും പഠിച്ചിരുന്നത്. മൊല്ലാക്ക, മുസ്ലിയാർ, ഓതിക്കൻ കാക്ക, ഓതിക്കൻ മാമ, ലബ്ബ തുടങ്ങിയ പല പേരുകളാണ് പല സ്ഥലങ്ങളിൽ ഓത്തുപള്ളി അധ്യാപകർക്കുണ്ടായിരുന്നത്. അപൂർവമായി സ്ത്രീകളും പഠിപ്പിച്ചിരുന്നു. മിക്കപ്പോഴും അധ്യാപകന്റെ വീടോ വീട്ടുവളപ്പിൽ കെട്ടിയുണ്ടാക്കുന്ന ചായ്പോ ആയിരിക്കും ഓത്തുപള്ളി. സ്രാമ്പി, തൈക്കാവ്, നമസ്കാര പള്ളി എന്നീ പേരുകളിൽ അറിയപ്പെടുന്ന ജുമുഅയില്ലാത്ത ചെറിയ പള്ളികളിൽ വെച്ചും ചിലയിടങ്ങളിൽ ഈ രീതിയിലുള്ള മതപഠനം നടന്നിരുന്നു. വർഷങ്ങളെടുത്താണ് ഖുർആൻ പാരായണം പഠിച്ചിരുന്നത്. പിൽക്കാലത്ത് 'നിസ്കാരക്കണക്ക്' എന്നറിയപ്പെട്ടിരുന്ന ചെറിയ പുസ്തകം ഉപയോഗിച്ചായി പഠനം. വുദൂഅ്, നമസ്കാരം തുടങ്ങിയവക്കു പുറമെ ചില പ്രാർഥനകളും മറ്റും ഇതിൽ വിവരിച്ചിരുന്നു. രാവിലെ മുതൽ സായാഹ്നം വരെയായിരുന്നു പഠനസമയം. ദീർഘകാലം പഠിച്ചാലും പരിമിതമായ അറിവാണ് കുട്ടികൾക്ക് ലഭിച്ചിരുന്നത്. നമസ്കരിക്കാനും ഖുർആൻ പാരായണം ചെയ്യാനുമുള്ള വിദ്യാഭ്യാസം മാത്രമായിരുന്നു മുഖ്യമായും ഓത്തുപള്ളികൾ നൽകിയിരുന്നത്.

മതവിദ്യാഭ്യാസരംഗത്തെ ശോചനീയാവസ്ഥയെക്കുറിച്ച് സമുദായത്തിലെ പലരും ബോധവാന്മാരായിരുന്നു. 1912-ൽ കോഴിക്കോട്ടെ കുറ്റിച്ചിറയിൽ ഇതുസംബന്ധമായി ഒരു യോഗം നടന്നു. കട്ടിലശ്ശേരി ആലി മുസ്ലിയാർ, ചാലിലകത്ത് കുഞ്ഞഹമ്മദ് മൗലവി ഹാജി, കെ.എം മൗലവി, പി.കെ മൂസ മൗലവി തുടങ്ങിയ പ്രമുഖർ അതിൽ പങ്കെടുത്തു. നിലവിലുള്ള മതപഠനസംവിധാനത്തിന്റെ പോരായ്മകളും പ്രശ്നങ്ങളും വിവരിച്ച ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി ചില ബദൽ നിർദേശങ്ങൾ മുന്നോട്ടുവെച്ചു. വാഴക്കാട് ദാറുൽ ഉലൂമിൽ പുതിയ പാഠ്യപദ്ധതി പ്രകാരം ക്ലാസ് ആരംഭിക്കാൻ കൊയപ്പത്തൊടി മുഹമ്മദ് കുട്ടി ഹാജി ചാലിലകത്തിനോട് ആവശ്യപ്പെട്ടു. ചാലിലകത്ത് ദാറുൽ ഉലൂമിൽ പരിഷ്കരണങ്ങൾ നടപ്പിലാക്കി. അങ്ങനെ കേരളത്തിൽ ആദ്യമായി മതപഠനരംഗത്തും ബെഞ്ച്, ഡെസ്ക്, മേശ, ബോർഡ്, പീരിയഡ് തുടങ്ങിയവ ഉപയോഗപ്പെടുത്തപ്പെട്ടു. ശാസ്ത്രീയ രീതിയിലുള്ള പാഠപുസ്തകങ്ങൾ ചാലിലകത്ത് തയാറാക്കി. മുതിർന്ന വിദ്യാർഥികളുടെ പാഠ്യപദ്ധതിയിൽ മല

## മദ്റസകൾ കേരളത്തിനു പുറത്ത്

കേരളത്തിലെ മദ്റസകളിൽനിന്ന് വ്യത്യസ്തമാണ് ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലുള്ള മദ്റസകൾ. ഉന്നത മത വിദ്യാഭ്യാസ സ്ഥാപനങ്ങളായ അവക്ക് കേരളത്തിലെ അറബിക്കോളേജുകളോടാണ് കൂടുതൽ സാദൃശ്യം. പ്രാഥമിക മദ്റസകൾക്ക് അവിടെ മക്തബുകൾ എന്നാണ് പേര്. അറബി, തഫ്സീർ (ഖുർആൻ വ്യാഖ്യാനം), ഫിഖ്ഹ് (കർമശാസ്ത്രം), ഹദീസ്, ഇസ്ലാമിക ചരിത്രം, മൻത്വിഖ് (തർക്കശാസ്ത്രം) തുടങ്ങിയ വിഷയങ്ങൾ ഇത്തരം മദ്റസകളിൽ പഠിപ്പിക്കപ്പെടുന്നു. മുഴുസമയ മദ്റസകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് സ്കൂൾ -കോളേജ് പഠനത്തിന് അവസരം ലഭിക്കാറില്ല. അതിനാൽ ചില മദ്റസകളിൽ ഇംഗ്ലീഷ്, സയൻസ്, കണക്ക്, ലോകചരിത്രം മുതലായ വിഷയങ്ങളും പഠിപ്പിക്കാറുണ്ട്. ഹിഫ്ള് (ഖുർആൻ മനഃപാഠം) കോഴ്സും ആലിം കോഴ്സുമാണ് സാധാരണയായി മദ്റസകൾ നൽകിവരുന്നത്. ആലിം കോഴ്സ് പൂർത്തിയാക്കാൻ പന്ത്രണ്ടു വർഷത്തെ പഠനം ആവശ്യമാണ്. മൗലവി, ഫസീലത്ത് കോഴ്സുകളും പല സ്ഥാപനങ്ങളും നൽകിവരുന്നു. വിദ്യാർഥികൾ താമസിച്ചു പഠിക്കുന്നവയാണ് പല മദ്റസകളും. അനാഥർക്കും പാവപ്പെട്ടവർക്കും വലിയ അനുഗ്രഹമാണ് മദ്റസകൾ. അപൂർവമായി അമുസ്ലിം വിദ്യാർഥികളും മദ്റസകളിൽ പഠിക്കാറുണ്ട്. വനിതകൾക്കു മാത്രമായുള്ള മദ്റസകളുമുണ്ട്. ഇന്ത്യയിൽ ഇത്തരത്തിലുള്ള മുപ്പതിനായിരം മദ്റസകളുണ്ടെന്നാണ് കണക്ക്. ഇവയിൽ ഭൂരിഭാഗവും ദയൂബന്ദി ചിന്താസരണി പിന്തുടരുന്നവയാണ്.

## ഹൗസ ഇൽമിയ്യ

ശീഈ വിഭാഗത്തിന്റെ പരമ്പരാഗത മതപാഠശാലകളാണ് ഹൗസകൾ. ഹൗസ ഇൽമിയ്യ എന്നും പറയാറുണ്ട്. ക്രിസ്താബ്ദം പതിനൊന്നാം നൂറ്റാണ്ടിൽ ഇറാഖിലെ നജഫിലാണ് ആദ്യത്തെ ഹൗസ സ്ഥാപിതമായത്. നജഫിലേതിനു പുറമെ ഇറാനിലെ ഖും, മശ്ഹദ്, ഇസ്ഫഹാൻ എന്നിവിടങ്ങളിലെ ഹൗസകളും പ്രസിദ്ധമാണ്. ഇവക്കു പുറമെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം ചെറിയ ഹൗസകളുണ്ട്. ഫിഖ്ഹ്, ഇൽമുൽ കലാം, ഹദീസ്, തഫ്സീർ, തത്ത്വചിന്ത, അറബി സാഹിത്യം, വ്യാകരണം, ചരിത്രം, സാമ്പത്തിക ശാസ്ത്രം തുടങ്ങിയ വിവിധ വിഷയങ്ങൾ ഹൗസകളിൽ പഠിപ്പിക്കുന്നു. ഹൗസകളിലെ വിദ്യാഭ്യാസം നാലു ഘട്ടങ്ങളിലായി തിരിച്ചിട്ടുണ്ട്. അഞ്ചു വർഷത്തെ പ്രഥമ ഘട്ടം പൂർത്തിയാക്കുന്നതോടെ 'സിഖത്തുൽ ഇസ്ലാം' പട്ടം ലഭിക്കുന്നു. മൂന്നു മുതൽ നാലു വർഷം വരെ നീളുന്നതാണ് രണ്ടാം ഘട്ടം. മൂന്നാം ഘട്ടം പൂർത്തിയാക്കിയാൽ 'ഹുജ്ജത്തുൽ ഇസ്ലാം' എന്ന പദവി ലഭിക്കും. അതിനും ശേഷം മതവിഷയങ്ങളിൽ ഗവേഷണം നടത്താനുള്ള യോഗ്യത നേടുന്ന നാലാം ഘട്ടം പൂർത്തിയാകുമ്പോഴാണ് 'ആയത്തുല്ലാ' എന്ന പദവി നൽകാറ്. ജനകീയ പിന്തുണയുള്ള ആയത്തുല്ലമാരെ 'ആയത്തുല്ലാഹിൽ ഉള്മാ' എന്ന് വിളിക്കുന്നു.

യാളം, ചരിത്രം, കണക്ക്, തർക്കശാസ്ത്രം, പ്രസംഗ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിരുന്നു. അറബി-മലയാള ലിപി അദ്ദേഹം പരിഷ്കരിക്കുകയും ചെയ്തു. പ്രാഥമിക മദ്റസാ പുസ്തകങ്ങളും തയാറാക്കി.

ചാലിലകത്തിന്റെ മദ്റസാ സംരംഭം വിജയിച്ചതോടെ യാഥാസ്ഥിതികർ അതിനെതിരെ രംഗത്തിറങ്ങി. ഖുർആൻ ബോർഡിലെഴുതാൻ പാടില്ലെന്നും ഖുർആൻ എഴുതിയ ശേഷം മായ്ക്കുമ്പോൾ ചോക്കുപൊടി താഴെ വീഴുന്നത് ഖുർആനെ അവഹേളിക്കലാണെന്നും വഖ്ഫ് സ്വത്ത് മദ്റസക്കു വേണ്ടി ഉപയോഗിക്കാൻ പാടില്ലെന്നും മറ്റുമായിരുന്നു അന്നത്തെ വിചിത്ര വാദങ്ങൾ. മദ്റസാ വിരോധികൾ കൊയപ്പത്തൊടി മുഹമ്മദ്കുട്ടി ഹാജിയെ സ്വാധീനിച്ച് അദ്ദേഹത്തിലും ആശയക്കുഴപ്പമുണ്ടാക്കി. കടുത്ത എതിർപ്പു കാരണം ഗത്യന്തരമില്ലാതെ ചാലിലകത്തിന് വാഴക്കാട് വിടേണ്ടിവന്നു. എങ്കിലും ആ പരിഷ്കർത്താവ് മുട്ടുമടക്കാൻ തയാറായില്ല. വളപട്ടണം, കണ്ണൂർ, വടകര തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം എട്ടോളം മദ്റസകൾ സ്ഥാപിച്ചു. ചാലിലകത്തിനു പുറമെ അദ്ദേഹത്തിന്റെ പല ശിഷ്യന്മാരും നാടിന്റെ വിവിധ ഭാഗങ്ങളിൽ മദ്റസകൾ സ്ഥാപിച്ചു. ക്രമേണ എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് മദ്റസകൾ വ്യാപിക്കാൻ തുടങ്ങി. യാഥാസ്ഥിതികരും അടങ്ങിയിരുന്നില്ല. മദ്റസകളിൽ പെൺകുട്ടികളെ എഴുത്ത് പഠിപ്പിക്കുന്നത് ഇസ്ലാമിനെതിരാണെന്നു പറഞ്ഞായിരുന്നു പുതിയ കോലാഹലം. 'സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കുന്നത് കറാഹത്താണെന്നും ഹറാമാണെന്നു ഖൗലുള്ളതുകൊണ്ട് മതത്തിൽ നിരോധിക്കപ്പെട്ടതാണ്' എന്ന് 1929-ൽ വാഴക്കാട് ദാറുൽ ഉലൂം പ്രധാനാധ്യാപകനും ചാലിലകത്തിന്റെ ശിഷ്യന്മാരിലൊരാളുമായിരുന്ന ഖുത്ബി മുഹമ്മദ് മുസ്ലിയാർ ഫത്വ പുറപ്പെടുവിച്ചു. ഖുത്ബിയുടെ ഫത്വയെ വിമർശിച്ചും ചാലിലകത്തിനെ പിന്തുണച്ചും അക്കാലത്തെ പല മുസ്ലിം പ്രസിദ്ധീകരണങ്ങളും രംഗത്തുവരികയുണ്ടായി. കുറച്ചുകാലം സാധാരണക്കാരിൽ ആശയക്കുഴപ്പമുണ്ടാക്കി എന്നതൊഴിച്ചാൽ ഈ ഫത്വക്കും മദ്റസാ പ്രസ്ഥാനത്തിന്റെ പ്രയാണം തടയാൻ സാധിച്ചില്ല. ഒടുവിൽ എതിർത്തവർ തന്നെ മദ്റസകൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മുസ്ലിം സ്കൂളുകളിൽ മതപഠന സൗകര്യമേർപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം സ്കൂളിൽ വെച്ചുള്ള മതപഠനാവസരം ഇല്ലാതായതോടെ പ്രാഥമിക മതപഠനത്തിന് മദ്റസകളെ ആശ്രയിക്കാൻ നിർബന്ധിതമായതും മദ്റസകളുടെ വ്യാപനത്തിനു സഹായകമായി. പറവണ്ണ, പുളിക്കൽ, എറിയാട്, കൊടിയത്തൂർ, കോട്ടുമ്മൽ, ചാലിയം, അഴീക്കോട്, തിരൂരങ്ങാടി എന്നിവിടങ്ങളിലും ആദ്യഘട്ടത്തിൽ തന്നെ മദ്റസകൾ സ്ഥാപിതമായി. മലബാറിൽ മദ്റസകൾ സ്ഥാപിക്കുന്നതിൽ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി വഹിച്ച പങ്കിനു സമാനമായി തിരുവിതാംകൂറിൽ വക്കം അബ്ദുൽ ഖാദിർ മൗലവിയും മദ്റസകൾ സ്ഥാപിക്കുന്നതിലും പാഠപുസ്തകങ്ങൾ തയാറാക്കുന്നതിലും നേതൃപരമായ പങ്കുവഹിച്ചു.

1945-ലെ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ 16-ാം വാർഷിക സമ്മേളനത്തിൽ സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ വിദ്യാഭ്യാസസംബന്ധമായ ചില നിർദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. 1951 മാർച്ചിൽ വടകരയിൽ നടന്ന സമസ്ത സമ്മേളനം ഇത് ചർച്ച ചെയ്യുകയും തുടർന്ന് സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് രൂപീകരിക്കുകയും മദ്റസകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിദ്യാഭ്യാസ ബോർഡിനു കീഴിലാണ് ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ മദ്റസകളുള്ളത്. സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ്, മജ്ലിസുത്തഅ്ലീമിൽ ഇസ്ലാമി കേരള, കെ.എൻ.എം വിദ്യാഭ്യാസ ബോർഡ്, കൗൺസിൽ ഫോർ ഇസ്ലാമിക് എജുക്കേഷൻ ആന്റ് റിസർച്ച്, ദക്ഷിണ കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ് എന്നിവക്കു കീഴിലും ധാരാളം മദ്റസകളുണ്ട്.

## കേന്ദ്ര മദ്റസാ ബോർഡ്

മദ്റസാ പാഠ്യപദ്ധതി പരിഷ്കരിക്കാൻ കേന്ദ്ര മദ്റസാ ബോർഡ് രൂപീകരിക്കാനുള്ള നീക്കവുമായി മുന്നോട്ടുപോവുകയാണ് കേന്ദ്ര സർക്കാർ. സച്ചാർ കമീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മുസ്ലിംകളുടെ വിദ്യാഭ്യാസ നിലവാരമുയർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്നാണ് സർക്കാർ നിലപാട്. എന്നാൽ മദ്റസാ ബോർഡ് രൂപീകരണത്തെ മിക്ക മുസ്ലിം സംഘടനകളും എതിർക്കുകയാണ്. കഴിഞ്ഞ ഡിസംബറിൽ ഇതു സംബന്ധമായി ചർച്ച നടത്താൻ ഗവൺമെന്റ് സംഘടിപ്പിച്ച യോഗത്തിൽ മദ്റസകളുടെ പാഠ്യപദ്ധതിയിലും നടത്തിപ്പിലും സർക്കാർ ഇടപെടുന്നത് അംഗീകരിക്കില്ലെന്ന് വിവിധ നേതാക്കൾ വ്യക്തമാക്കിയിരുന്നു.

ഏറ്റവും ഒടുവിൽ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമീഷൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിനു സമർപ്പിച്ച റിപ്പോർട്ടിലും കേന്ദ്ര മദ്റസാ ബോർഡ് രൂപവത്കരിക്കാൻ ശിപാർശ ചെയ്തിരിക്കുകയാണ്. മതസംഘടനകളുടെ പരാതികൾ കൂടി കണക്കിലെടുത്താണ് കമീഷൻ റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. സർക്കാറിന്റെ നേരിട്ടുള്ള നിയന്ത്രണമില്ലാത്തവിധം ബോർഡിന് രൂപം നൽകാനാണ് നിർദേശം. ഇതുപ്രകാരം ബോർഡിന് സ്വയംഭരണാധികാരമുണ്ടായിരിക്കും. മത സംഘടനാ പ്രതിനിധികളെ ബോർഡിൽ ഉൾപ്പെടുത്തും. അംഗങ്ങളെ ഗവൺമെന്റാണ് നിയമിക്കുക.

നിലവിലുള്ള മതപഠനത്തിനു മാറ്റം വരാതെ മദ്റസകളിലൂടെ സയൻസ്, കണക്ക്, ഇംഗ്ലീഷ്, കമ്പ്യൂട്ടർ പരിശീലനം തുടങ്ങിയവ പഠിപ്പിക്കാൻ സൗകര്യമൊരുക്കണമെന്നതാണ് കമീഷന്റെ മുഖ്യ ശിപാർശ. ഇത്തരം വിഷയങ്ങൾ പഠിപ്പിക്കാൻ യോഗ്യരായ അധ്യാപകരെ നിയമിക്കണമെന്നും അവർക്ക് സർക്കാർ നിരക്കിൽ ശമ്പളം നൽകണമെന്നും കമീഷൻ നിർദേശിക്കുന്നു. ഈ രീതിയിൽ മദ്റസാ പഠനം പൂർത്തീകരിക്കുന്നവർക്ക് സർക്കാർ അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകാനും നിർദേശിക്കുന്നു. ഇതുവഴി മദ്റസാ പഠനത്തിനു ശേഷം സർവകലാശാലകളിൽ ഉപരിപഠനം നടത്താൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കും. ബോർഡ് നിലവിൽവരികയാണെങ്കിൽ മദ്റസാ പഠനം രാജ്യത്തുടനീളം ഏകീകൃതമായിത്തീരും.

## മദ്റസാ നവീകരണ പദ്ധതി

ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ അവലോകന സമിതിയുടെ മാർഗനിർദേശപ്രകാരം കേന്ദ്ര മാനവ വിഭവശഷി മന്ത്രാലയം മദ്റസകളുടെ നവീകരണത്തിന് ധനസഹായം നൽകിവരുന്നുണ്ട്. പതിനെട്ടോളം സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഭൗതിക വിദ്യാഭ്യാസത്തിൽ പിന്നാക്കമായ വിദ്യാർഥികൾക്ക് മദ്റസകളിലൂടെ ഭൗതികവിദ്യാഭ്യാസം നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെടുന്ന മദ്റസകൾക്ക് അധ്യാപക നിയമനത്തിന് 72,000 രൂപ, ലൈബ്രറിക്ക് 7000 രൂപ, ലബോറട്ടറിക്ക് 7000 രൂപ എന്നിങ്ങനെ സാമ്പത്തികസഹായം ലഭിക്കും. പണം ആദ്യംതന്നെ നൽകി പദ്ധതി നടത്തിപ്പിനു സാഹചര്യമൊരുക്കണമെന്ന് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ അവലോകനസമിതി സംസ്ഥാന സർക്കാറുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. കേരളത്തിൽ 511 മദ്റസകളെ ഈ പദ്ധതി നടപ്പാക്കാനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ 429 മദ്റസകൾക്ക് 2001-'06 വർഷത്തേക്ക് 3,38,91,00 രൂപ അനുവദിച്ചതായി വിദ്യാഭ്യാസ മന്ത്രി ഈയിടെ നിയമസഭയിൽ അറിയിച്ചിരുന്നു.